# കൂട്ടക്കൊലകളുടെ കണക്ക്

എൻ.എം ഹുസൈൻ

**ഇന്നത്തെ** ലോകക്രമത്തിൽ മനുഷ്യാവകാശം നിയമപ്രശ്നം മാത്രമാണ്. മനുഷ്യാവകാശങ്ങൾക്ക് യഥാർഥവും സത്യസന്ധവുമായ അംഗീകാരമുള്ളതുകൊണ്ടല്ല ഇന്നത് പരിഗണിക്കപ്പെടുന്നത്. മറിച്ച് പുതിയ ലോകക്രമത്തിൽ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും രാഷ്ട്രീയ-രാഷ്ട്രാന്തരീയ നേതാക്കൾ മനുഷ്യപ്പറ്റുള്ളവരാണെന്നുമുള്ള പ്രതീതി സൃഷ്ടിക്കാനാണ് മനുഷ്യാവകാശങ്ങളെപ്പറ്റി ഐക്യരാഷ്ട്രസഭ പോലും വാചാലമാകുന്നത്.

മനുഷ്യാവകാശലംഘനങ്ങൾ നിയമപ്രശ്നല്ലെന്നും ഭൂമിയിൽ ജീവിതം തന്നെ അസാധ്യമാക്കുമാറ് ഭയാനകമായ നിലയിലേക്ക് അത് വളർന്നിട്ടുണ്ടെന്നും മനസ്സിലാക്കാൻ ആധുനിക വ്യവസായ സംസ്കാരത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും. പാശ്ചാത്യലോകത്ത് രാഷ്ട്രങ്ങളുടെ (nation states)രൂപവത്കരണത്തിനു ശേഷം എന്തു സംഭവിച്ചുവെന്നതിന്റെ ചരിത്രം കൂടി ഇതോട് ചേർത്തു നോക്കിയാൽ ചിത്രം പൂർത്തിയാകും.

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ മൗലിക പ്രാധാന്യമുള്ള അവകാശങ്ങളായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇതൊക്കെയും പ്രസക്തമാവുന്നത് മനുഷ്യന്റെ ജീവിച്ചിരിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടുമ്പോഴാണ്. മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള ഐക്യരാഷ്ട്രസഭാ ഹൈക്കമീഷനറായിരുന്ന ഡിമെല്ലോയുടെ ഒരു പ്രസ്താവനയിതാണ്: Responsibility for the protection of human rights lies with the states (മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം രാഷ്ട്രീയ നേതൃത്വങ്ങൾക്കാണ്). മനുഷ്യാവകാശങ്ങളുടെ സംരക്ഷകനായി ആധുനിക ലോകം കണക്കാക്കിയ സ്റ്റേറ്റു തന്നെയാണ് മനുഷ്യാവകാശങ്ങൾ ഏറ്റവും വ്യവസ്ഥാപിതായി ഹനിച്ചുകൊണ്ടിരിക്കുന്നത് എന്നതല്ലേ യാഥാർഥ്യം? വിശദമായ അന്വേഷണങ്ങൾക്ക് മുതിരാതെ തന്നെ ഗ്രാഹ്യമാവുന്ന വസ്തുതയാണിത്.

ജീവിക്കാനുള്ള അവകാശത്തിന്റെ കാര്യമെടുക്കുക. മനുഷ്യരുടെ ജീവിക്കാനുള്ള അവകാശം ഏറ്റവും ക്രൂരമായി ഇല്ലായ്മ ചെയ്തത് 'മനുഷ്യാവകാശങ്ങളുടെ സംരക്ഷക'നായ സ്റ്റേറ്റ് തന്നെയാണ്. ഈ വിഷയകമായി ഏറ്റവും വിശദമായ ഗവേഷണങ്ങൾ നടത്തിയ ഹവായ് യൂനിവേഴ്സിറ്റിയിലെ പ്രഫ. റുമ്മേൾ രചിച്ച ഒരു കൃതിയുടെ പേര് Death by Government എന്നാണ്. ഇരുപതാം നൂറ്റാണ്ടിലെ പ്രബല രാഷ്ട്രീയ ശക്തികളായ മുതലാളിത്ത-കമ്യൂണിസ്റ്റ്-ഫാഷിസ്റ്റ് ഗവൺമെന്റുകൾ വ്യവസ്ഥാപിതമായി നടത്തിയ വംശഹത്യയുടെ ഞെട്ടിക്കുന്ന കണക്കുകൾ ഇദ്ദേഹം വെളിപ്പെടുത്തുന്നു:

**വൻ കൂട്ടക്കൊലകൾ**

സോവിയറ്റ് യൂനിയൻ: 61,911,000
ചൈനീസ് കമ്യൂണിസം: 35,236,000
നാസികൾ: 20,946,000
മറ്റു രാഷ്ട്രങ്ങൾ: 10,214,000

**ചെറു കൂട്ടക്കൊലകൾ**

ജപ്പാൻ: 5,964,000
കമ്പോഡിയ: 2,035,000
മതേതര തുർക്കി: 1,883,000
വിയറ്റ്നാം: 1,670,000
പോളണ്ട്: 1,585,000
കമ്യൂണിസ്റ്റ് യൂഗോസ്ലേവ്യ: 1,072,000

ഇതിനെല്ലാം പുറമെ The Black Book Of Capitalism എന്ന കൃതി നൽകുന്ന കണക്ക് (മൂലഗ്രന്ഥം ഫ്രഞ്ചു ഭാഷയിൽ 1998-ൽ പുറത്തിറങ്ങി) കൂടി പരിഗണിക്കുക. അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ പാശ്ചാത്യ രാഷ്ട്രങ്ങൾ നടത്തിയ രണ്ട് മഹായുദ്ധങ്ങളിൽ 580 ലക്ഷം ജനങ്ങളാണ് കൊല്ലപ്പെട്ടത്! അഞ്ചു നൂറ്റാണ്ടിനിടെ മുതലാളിത്തം സ്ഥാപിക്കാനായി കോളനിവാഴ്ചക്കാർ നടത്തിയ തേർവാഴ്ചയിൽ ആകെ കൊല്ലപ്പെട്ടവരുടെ എണ്ണം ഇരുപതാം നൂറ്റാണ്ടിൽ മാത്രം ആയിരം ലക്ഷം വരും.

ഈ വിവരിച്ചതൊന്നും സമ്പൂർണമായ കണക്കല്ല. ഇവയുടെ കണക്ക് നമുക്ക് സങ്കൽപിക്കാവുന്നതിനേക്കാൾ ഭീകരമായിരിക്കുമെന്ന് വ്യക്തമാണ്. പൗരന്മാരുടെ സർവതോമുഖമായ അവകാശങ്ങൾ സംരക്ഷിക്കുമെന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നും ഭാവിയിലും സംരക്ഷിക്കുമെന്നും നാഴികക്ക് നാൽപതു വട്ടം ആണയിടുന്ന ആധുനിക മതേതര സ്റ്റേറ്റുകൾ നടത്തിയ വംശഹത്യകളാണിവ. ആധുനിക രാഷ്ട്രങ്ങളുടെ രൂപവത്കരണത്തിനു മുമ്പ് ഇത്ര വൻതോതിലുള്ള വംശഹത്യകൾ ചരിത്രത്തിലൊരുകാലത്തും ഉണ്ടായിട്ടില്ല. എന്നുതന്നെയല്ല ആധുനിക കാലത്ത് നടന്നത്ര കൂട്ടക്കൊലകൾ മധ്യകാലത്തോ പ്രാചീന കാലത്തോ പ്രാഗ്ചരിത്രകാലത്തോ ഒന്നാകെ പോലും നടന്നിട്ടില്ല! ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനു പകരം അവരെ കൂട്ടക്കൊല നടത്താൻ മടിക്കാതിരുന്ന ആധുനിക സ്റ്റേറ്റുകൾ ജനങ്ങളുടെ ഇതര അവകാശങ്ങൾ സംരക്ഷിച്ചിട്ടുണ്ടാകുമെന്ന് കരുതാമോ? സാമ്പത്തിക

നീതി, അഭിമാനം, വിശ്വാസ സ്വാതന്ത്ര്യം, ആരോഗ്യം, വിവരാവകാശം, നിയമപരമായ തുല്യത, വംശീയ സമത്വം, സ്ത്രീ സമത്വം, രാഷ്ട്രീയ സ്വാതന്ത്ര്യം തുടങ്ങി അസംഖ്യം മേഖലകളിൽ നീതി പ്രസംഗിക്കുകയും അനീതിയനുഷ്ഠിക്കുകയും ചെയ്ത സ്ഥാപനമായിരുന്നു ആധുനിക സ്റ്റേറ്റ് എന്നു കാണാം. മധ്യകാലാനന്തരം കാരിരുമ്പും ചാട്ടവാറും ഉപയോഗിച്ചാണ് പാശ്ചാത്യ രാഷ്ട്രങ്ങൾ കോളനിവാഴ്ച നിലനിർത്തിയതെങ്കിൽ 'പ്രബുദ്ധ'മായ ഇരുപതാം നൂറ്റാണ്ടിൽ മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ വ്യവസ്ഥയിലൂടെയും ജനങ്ങളുടെ ചിന്താഗതി നിയന്ത്രിച്ചുകൊണ്ടാണ് ഇതു സാധിച്ചതെന്ന വ്യത്യാസമുണ്ട് എന്നു മാത്രം (വിശദാംശങ്ങൾക്ക് നോം ചോംസ്കിയുടെ Necessary Illusions: Thought Control in Democratic Societies നോക്കാം).

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 'നവലോകക്രമ'ത്തെപ്പറ്റി അമേരിക്കൻ പ്രസിഡന്റ് ബുഷ് സംസാരിച്ചുവെങ്കിലും അതൊരു പഴയ സങ്കൽപമായിരുന്നു. അര നൂറ്റാണ്ടെങ്കിലും മുമ്പ് അമേരിക്കൻ നയതന്ത്രജ്ഞർ തന്നെ ഉപയോഗിച്ചതാണിത്. കോളനിവാഴ്ചാ കാഴ്ചപ്പാടിൽ കെട്ടിപ്പടുക്കപ്പെട്ട ആധുനിക ലോകക്രമത്തിന്റെ അവസാനത്തെ പ്രയോക്താക്കളായി ബുഷിനെയും ഒബാമയെയും കണക്കാക്കാം. പാശ്ചാത്യ ആധിപത്യത്തിലുള്ള ഈ അക്രമവ്യവസ്ഥയിൽ നിന്നും ക്രമാനുഗതമായി മറ്റൊരു ലോകക്രമത്തിലേക്ക് നീങ്ങാൻ തുടങ്ങിയിട്ടുണ്ട്. കോളനിവാഴ്ചയുടെയും നവകോളനിവാഴ്ചയുടെയും സൈദ്ധാന്തിക അടിത്തറയായ നവ ഉദാരവത്കരണവാദത്തെ(Neoliberalism) ചോദ്യം ചെയ്തുകൊണ്ട് ഐ.എം.എഫിന്റെ മേധാവിയായിരുന്ന ജോസഫ് സ്റ്റിഗ്ലിറ്റ്സ് പോലും സംസാരിക്കാൻ തുടങ്ങിയ കാലമാണിത്. പാശ്ചാത്യ മാതൃകയിലുള്ള വികസനത്തിലൂടെ ക്രമേണയാണെങ്കിലും അഭിവൃദ്ധി ജനങ്ങളിലെത്തുമെന്ന സങ്കൽപം, പരശുരാമൻ മഴുവെറിഞ്ഞാണ് കേരളം ഉണ്ടായതെന്ന ഐതിഹ്യം പോലുള്ള ഒന്നാണെന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. പാശ്ചാത്യ ധനശാസ്ത്രജ്ഞർ ഇതുവരെയും സാമ്പത്തിക വളർച്ച അളക്കാനുപയോഗിച്ച സമീപനത്തിന്റെയും രീതിയുടെയും വിശ്വാസ്യത പോലും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

രാഷ്ട്രാന്തരീയ ഗതിയെ സൂക്ഷ്മമായി വിലയിരുത്തുന്ന രാഷ്ട്രതന്ത്ര വിദഗ്ധർ 'സ്റ്റേറ്റിന്റെ അന്ത്യം' (End of the State) എന്ന സങ്കൽപത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ഇതു സംബന്ധമായ പഠനങ്ങളും പുറത്തുവരുന്നുണ്ട്. ■